# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2843.** **17.06.2019 ൽ മറുപടിയ്ക്ക്**

## വയനാട് ജില്ലയിലെ മയക്കമരുന്ന്-കഞ്ചാവ് കേസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഒ. ആർ. കേളു | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ വയനാട് ജില്ലയിൽ രജിസ്റ്റർ ചെയ്ത മയക്കമരുന്ന്-കഞ്ചാവ് കേസുകൾ എത്രയെന്ന് വിശദമാക്കാമോ; | (എ) | 1096 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | യുവാക്കളിലെ മയക്കമരുന്ന് ഉപയോഗം കുറയ്ക്കാൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (ബി) | യുവാക്കളെ ലഹരിയുടെ ഉപയോഗത്തിൽ നിന്നും അകറ്റുന്നതിലേക്കായി വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, ലഹരിക്കെതിരെ 'കായിക ലഹരി' എന്ന ആശയം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്ട്സ് കൗൺസിലുമായും വിവിധ സ്പോർട്ട്സ് അസോസിയേഷനുകളുമായും സഹകരിച്ചുകൊണ്ട് യുവാക്കളേയും വിദ്യാർത്ഥികളേയും സംഘടിപ്പിച്ച് ഫുട്ബോൾ, ക്രിക്കറ്റ്, വോളീബോൾ മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ലൈബ്രറി കൗൺസിലുമായി ചേർന്ന് യുവാക്കളിൽ വായനാശീലം വളർത്തുന്നതിന് സായാഹ്ന സദസ്സ്, പുസ്തക കളരി വിവിധ സാംസ്കാരിക കൂട്ടായ്മകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**